ഉത്തരം

(എ) കൃഷി ഓഫീസുകൾ വഴിയാണ് തുക നൽകുന്നത്.

(ബി) മരുന്നുതളി പദ്ധതിയുടെ നടത്തിപ്പിന്റെ പൂർണ്ണമായ ഉത്തരവാദിത്വം ഗ്രാമപഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കുമാണ്. ഗ്രാമ പഞ്ചായത്തു തലത്തിൽ മരുന്നുതളിക്ക് മുന്നോടിയായി എം.പി., എം.എൽ.എ.മാർ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ജനപ്രതിനിധികൾ, സഹകരണ സ്ഥാപന പ്രതിനിധികൾ, വിവിധ ഉൽപ്പാദനോപാധികളുടെ വിതരണ ഏജൻസികൾ എന്നിവയുടെ യോഗം ചേർന്ന് കർമ്മ പരിപാടി തയ്യാറാക്കിയാണ് മരുന്നു തളി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ഓരോ പഞ്ചായത്തിലും വാർഡുതല സന്നദ്ധസംഘങ്ങൾ സ്കാഡുകൾ കേര സംരക്ഷണ സമിതിയുടെ മേൽനോട്ടത്തിൽ രൂപീകരിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മരുന്നു തളിക്ക് ചുമതലപ്പെടുത്തിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകളുടെ ആഭിമുഖ്യത്തിൽ വാർഡുതല പ്രവർത്തനങ്ങൾ ഏകോപിപ്പിക്കേണ്ടത് ബന്ധപ്പെട്ട കൃഷി ഓഫീസറുടെ ചുമതലയാണ്. ഓരോ പഞ്ചായത്തിലേയും ബന്ധപ്പെട്ട കൃഷി ഓഫീസർ സ്പ്രേയിങ്ങിന്റെ സാങ്കേതിക മേൽനോട്ടം വഹിക്കുന്നതാണ്. ബ്ലോക്കിലെ കൃഷി അസിസ്റ്റന്റ് ഡയറക്ടർ ബ്ലോക്കിലെ മരുന്നു തളി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നു.

കർഷകർക്ക് വിത്തിനങ്ങൾ നൽകാൻ നടപടി

122(1948)ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കർഷകർക്ക് ഗുണനിലവാരമുള്ളതും അത്യുൽപ്പാദനശേഷിയുള്ളതുമായ വിത്തിനങ്ങൾ നൽകുന്നതിന് എന്തെല്ലാം പരിപാടികളാണുള്ളത്;

(ബി) ഇത്തരത്തിൽപ്പെട്ട എത്രമാത്രം വിത്ത് സംസ്ഥാനത്തിന്റെ ആവശ്യത്തിനുവേണ്ടി വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ;

(സി) എങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് കർഷകർക്ക് ഗുണനിലവാരമുള്ള വിത്തു നൽകുന്നതിലേക്കായി ആവർത്തന വിളകൾക്കുവേണ്ടി നടീൽ വസ്തുക്കളുടെ ഉൽപ്പാദനം എന്ന പദ്ധതി നടപ്പിലാക്കുന്നു. ഈ പദ്ധതിവഴി അത്യുൽപ്പാദനശേഷിയുള്ള നെൽവിത്ത് കിലോയ്ക്ക് 13 രൂപ നിരക്കിൽ നൽകുന്നു. ഒരു ഹെക്ടറിന് 1000 കിലോ വിത്തുൽപ്പാദിപ്പിക്കുന്ന കർഷകന് 1000 രൂപ സഹായമായി നൽകുന്നു. കൂടാതെ മിനി കിറ്റ് ആയി പുതിയ ഇനം നെൽവിത്തുകൾ കർഷകർക്ക് സൗജന്യമായി നൽകുന്നു.

(ബി) ആകെ വേണ്ട വിത്തിന്റെ 10 ശതമാനമായ 30,000 ക്വിന്റൽ.

(സി) ഇത്തരത്തിൽ 30,000 ക്വിന്റൽ നെൽവിത്ത് ആവശ്യമായത് സംസ്ഥാന വിത്തുൽപ്പാദന കേന്ദ്രം വഴിയും, "ആവർത്തന വിളകൾക്കു വേണ്ട നടീൽ വസ്തുക്കളുടെ ഉൽപ്പാദനം" എന്ന പദ്ധതി വഴിയും ലഭ്യമാക്കുന്നു. 1000 ക്വിന്റലോളം വിത്തുൽപ്പാദന കേന്ദ്രം വഴിയും ബാക്കി പദ്ധതി വഴിയും നാഷണൽ സീഡ് കോർപ്പറേഷൻ വഴിയും ലഭ്യമാക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly